പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4957 | 22.05.2017 ൽ മറുപടിക്ക്

## കൊല്ലങ്കോട് സ്റ്റേഷനിൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. ബാബു : | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ രാമേശ്വരത്തേക്ക്, കൊല്ലങ്കോട് റെയിൽവേ സ്റ്റേഷൻ വഴി കടന്നുപോകുന്ന ട്രെയിനുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;<br>(ബി) രാമേശ്വരത്തേക്ക് പോകുന്ന ട്രെയിനുകൾക്ക് കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | നിലവിൽ എറണാകുളം-രാമേശ്വരം-എറണാകുളം ഒരു പ്രതിവാര പ്രത്യേക ട്രെയിൻ നം. 06035/06036 പാലക്കാട് ഡിവിഷനിലെ കൊല്ലങ്കോട് വഴി കടന്നു പോകുന്നു. ഈ ട്രെയിനിന് കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) തമിഴ് നാട്ടിലെ പ്രധാന ക്ഷേത്രങ്ങളായ പഴനി, മധുര, രാമേശ്വരം എന്നിവിടങ്ങളിലേക്ക് പോകാൻ നെന്മാറ, ചിറ്റൂർ, ആലത്തൂർ, തരൂർ എന്നീ നിയോജക മണ്ഡലങ്ങളിലെ ജനങ്ങൾ ആശ്രയിക്കുന്ന ഏക റെയിൽവേ സ്റ്റേഷൻ കൊല്ലങ്കോടായതിനാൽ, ഇതുവഴി രാമേശ്വരത്തേക്ക് പോകുന്ന ട്രെയിനുകൾക്ക് ഇവിടെ സ്റ്റോപ്പ് അനുവദിക്കാനുള്ള നടപടി റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | എറണാകുളം - രാമേശ്വരം - എറണാകുളം സ്പെഷ്യൽ ട്രെയിനായ 06035/06036 ന് കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സർവ്വീസ് തുടങ്ങുന്നതിന് മുൻപ് തന്നെ ഡിവിഷണൽ ഹെഡ്ക്വാർട്ടേഴ്സിൽ ശുപാർശ നൽകിയിരുന്നുവെങ്കിലും നാളിതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം ഒരിക്കൽ കൂടെ റെയിൽവേയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ